ആലപ്പുഴ, കോട്ടയം, പത്തനംതിട്ട എന്നീ ജില്ലകളിൽ ദുരിതാശ്വാസത്തിന് ചെലവഴിച്ച തുക

651. [874] ശ്രീ. ടി. എസ്. ജോൺ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ആലപ്പുഴ, കോട്ടയം, പത്തനംതിട്ട എന്നീ ജില്ലകളിൽ ദുരിതാശ്വാസത്തിന് ഇതുവരെ എന്തു തുക ചെലവഴിച്ചു എന്ന് വ്യക്തമാക്കാമോ ;

(ബി) കേരളത്തിന്റെ പ്രത്യേകത കണക്കിലെടുത്ത് കേന്ദ്ര ഗവൺമെന്റിന്റെ നിബന്ധനകൾക്ക് അതീതമായി പരിഗണന നൽകണമെന്ന് സംസ്ഥാന ഗവൺമെന്റ് അഭ്യർത്ഥിച്ചിട്ടുണ്ടോ ?

ഉത്തരം

(എ) ആലപ്പുഴ ജില്ലയിൽ 238 ലക്ഷം രൂപയും, കോട്ടയം ജില്ലയിൽ 80.75 ലക്ഷം രൂപയും പത്തനംതിട്ട ജില്ലയിൽ 67.75 ലക്ഷം രൂപയും ഇതുവരെ ദുരിതാശ്വാസത്തിന് വേണ്ടി ചെലവഴിച്ചു.

(ബി) ഇല്ല.

ഭവന നിർമ്മാണ പദ്ധതികൾ

652. [876] ശ്രീ. കെ. ആർ. ചന്ദ്രമോഹനൻ :
,, കെ. വി. പ്രഭാകരൻ :
,, എം. കെ. കേശവൻ :
ഡോക്ടർ എ. സുബ്ബറാവു :
ശ്രീ. വി. കെ. രാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഏതെല്ലാം തരം ഭവന നിർമ്മാണ പദ്ധതികളാണ് സംസ്ഥാനത്ത് നടപ്പിലാക്കിവരുന്നത് ;

(ബി) ഇതിൽ ഓരോ ഇനത്തിലും കഴിഞ്ഞ ആറുമാസത്തിനിടയിൽ എത്ര വീടുകൾ പണിയാൻ അനുമതി നൽകി ;

(സി) എത്ര വീടുകളുടെ പണി പൂർത്തിയാക്കി ?

ഉത്തരം

(എ, ബി, സി) വിശദവിവരങ്ങൾ അനുബന്ധമായി † ചേർത്തിട്ടുണ്ട്.

പുനരധിവാസ പദ്ധതിപ്രകാരമുള്ള ഭവനനിർമ്മാണ വായ്പക്കുള്ള പലിശ

653. [877] ശ്രീ. എം. വി. രാഘവൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പുനരധിവാസ പദ്ധതിപ്രകാരം സന്നദ്ധസംഘടനകൾ മുഖേന ഭവനനിർമ്മാണ ബോർഡ് പാവപ്പെട്ടവർക്ക് നൽകുന്ന വായ്പതുകക്ക് എത്ര ശതമാനം പലിശയാണ് ഗവൺമെന്റ് ഈടാക്കുന്നത് ;

(ബി) ഇതിൽ സബ്സിഡി ഇനമെത്രയാണ് ;

† അനുബന്ധം 1

LIBRARY ARCHIVES Kerala Legislative Assembly